# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2513** **07.02.2019 -ൽ മറുപടിയ്ക്ക്**

### മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾ

ചോദ്യം

ശ്രീ.പി.ഉബൈദുള്ള :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദീകരിക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| ബി) | കോട്ടക്കുന്ന്, ആനക്കയം അഗ്രോ ടൂറിസം, മിനി ഊട്ടി പദ്ധതികളിൽ കൂടുതൽ ഫണ്ട് വകയിരുത്തുവാനും സഞ്ചാരികളെ ആകർഷിക്കുവാനും തീരുമാനമെടുത്തിട്ടുണ്ടോ; | ബി) & സി) | 2 കോടി രൂപയുടെ ഭരണാനുമതിയിൽ കോട്ടക്കുന്ന് എ ഡെവലപ്പിങ്ങ് ഡെസ്റ്റിനേഷൻ ഇൻ മലപ്പുറം എന്ന ടൂറിസം പദ്ധതിയുടെ പ്രവർത്തികൾ നടന്നുവരുന്നു. ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ ഭാഗമായി കോട്ടക്കുന്ന് ടൂറിസം പാർക്കിൽ 99.65 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ പ്രവൃത്തികൾ നടന്നു വരുന്നു. ജില്ലയിലെ വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാവുന്നതിനായി ടൂറിസം വകുപ്പ് അനുവദിച്ച 95.57 ലക്ഷം രൂപ ചിലവിൽ ബാരിയർ ഫ്രീ കേരളാ ടൂറിസം പദ്ധതി മലപ്പുറം ഡിടിപിസിയുടെ കീഴിലുള്ള 13 ടൂറിസം കേന്ദ്രങ്ങളിൽ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. ഇതിന്റെ ഭാഗമായി കോട്ടക്കുന്നിൽ കൈവരിയുള്ള റാമ്പുകൾ, ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ, ബ്രെയിൽ ലിപിയിലുള്ള ദിശാസൂചകം, ശ്രവണ വഴികാട്ടി , വീൽചെയർ , വാക്കിംഗ് സ്റ്റിക്ക്, സ്റ്റക്ച്ചറുകൾ എന്നിവ ഏർപ്പെടുത്തുന്നതാണ്. 'അഗ്രോ ടൂറിസം പ്രോജക്ട് ഫോർ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ, ആനക്കയം പദ്ധതി' നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. മിനി ഊട്ടിയിൽ ടൂറിസം പ്രവർത്തനത്തിനായി ആവശ്യമായ സർക്കാർ ഭൂമിയില്ലാത്തതിനാൽ പ്രൊജക്ട് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പ്രൊപ്പോസൽ പരിഗണിക്കുന്നതാണ്. |
| സി) | ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | അനുവദിക്കപ്പെട്ട ടൂറിസം പദ്ധതികളുടെ പേര് | ഭരണാനുമതി തുക (രൂപ) |
|---|---|---|
| 1. | അപ്ഗ്രഡേഷൻ ഓഫ് ബേസിക് ഫെസിലിറ്റീസ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അറ്റ് പടിഞ്ഞാറെക്കര ബീച്ച് | 43 ലക്ഷം |
| 2. | റിനോവേഷൻ ഓഫ് ഓൾഡ് ബിയ്യം ബ്രിഡ്ജ് - പ്രൊവൈഡിങ്ങ് ചിൽഡ്രൻ പ്ലേ എക്യുപ്മെന്റ്സ് ആന്റ് ഗാർഡൻ ബെഞ്ചസ് ടു ദ പാർക്ക് | 16 ലക്ഷം |
| 3. | ഡെവലപ്മെന്റ് ഓഫ് കൾച്ചർ സെന്റർ അറ്റ് ചമ്രവട്ടം റിസർവോയർ പ്രോജക്ട് ഏരിയ അറ്റ് പൊന്നാനി ഇൻ മലപ്പുറം | 1.6 കോടി |
| 4. | റിവൈറ്റലൈസേഷൻ ഓഫ് ബിയ്യം കായൽ അറ്റ് പൊന്നാനി ഇൻ മലപ്പുറം | 1.09 കോടി |
| 5. | പുഴയോര സ്നേഹപാത അറ്റ് ചമ്രവട്ടം, മലപ്പുറം - ഒന്നാം ഘട്ടം | 1.36 കോടി |
| 6. | പൂന്താനം സംസ്ക്കാരിക നിലയം - രണ്ടാം ഘട്ടം | 90 ലക്ഷം |
| 7. | റിവൈറ്റലൈസേഷൻ ഓഫ് തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റ് ആന്റ് റിസർച്ച് സെന്റർ, തിരൂർ | 2 കോടി |
| 8. | ഗ്രീൻ കാർപ്പെറ്റ് മെയിന്റെനൻസ് ആന്റ് ബ്യൂട്ടിഫിക്കേഷൻ ഓഫ് കോട്ടക്കുന്ന്, മലപ്പുറം | 99.65511 ലക്ഷം |
| 9. | ബാരിയർ ഫ്രീ കേരള ടൂറിസം, മലപ്പുറം | 95.57 ലക്ഷം |
| 10. | പുഴയോര സ്നേഹപാത അറ്റ് ചമ്രവട്ടം, മലപ്പുറം - രണ്ടാം ഘട്ടം | 1 കോടി |
| 11. | പൊന്നാനി ടൂറിസം ട്രയാംഗിൾ കർമ്മ റോഡ് ബ്യൂട്ടി ട്ടിഫിക്കേഷൻ, മലപ്പുറം | 4 കോടി |
| 12. | കൺസ്ട്രക്ഷൻ ഓഫ് നിള ഹെറിറ്റേജ് മ്യൂസിയം, പൊന്നാനി | 3.56 കോടി |
| 13. | റിവൈറ്റലൈസേഷൻ ഓഫ് നിളയോരം പാർക്ക് അറ്റ് കുറ്റിപ്പുറം | 3 കോടി |

സെക്ഷൻ ഓഫീസർ